പതിനാലാം കേരള നിയമസഭ

14-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1343 04.02.2019-ൽ മറുപടിക്ക്

ഡാറ്റാ ബാങ്കിലെ പിശകുകൾ പരിഹരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം. സ്വരാജ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിൽ വന്നിട്ടുള്ള പിശകുകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചു വരുന്നുണ്ടോ; | (എ) ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിൽ വന്നിട്ടുള്ള പിശകുകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ; | (ബി) 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങളിലെ ചട്ടം 4 ഡി പ്രകാരം ഡാറ്റാബാങ്ക് അന്തിമമാക്കിയതിന് ശേഷം പ്രദർശിപ്പിച്ചിട്ടുള്ള ഡാറ്റാ ബാങ്കിലെ പിശകുകൾ പരിഹരിക്കുന്നതിന് ആക്ഷേപങ്ങൾ ഫാറം 5-ലുള്ള അപേക്ഷാ ഫാറത്തിൽ റവന്യൂ ഡിവിഷണൽ ഓഫീസർ മുമ്പാകെ അപേക്ഷ സമർപ്പിക്കാവുന്നതും ആയത് പ്രകാരം ലഭിക്കുന്ന അപേക്ഷകൾ നെൽവയലുകളെ സംബന്ധിച്ചിട്ടുള്ളതാണെങ്കിൽ ബന്ധപ്പെട്ട കൃഷി ഓഫീസർക്കും തണ്ണീർത്തടങ്ങളെ സംബന്ധിച്ചിട്ടുള്ളതാണെങ്കിൽ ബന്ധപ്പെട്ട വില്ലേജ് ഓഫീസർക്കും റിപ്പോർട്ടിനായി അയച്ചു കൊടുക്കേണ്ടതും, റിപ്പോർട്ട് ലഭിച്ചതിനു ശേഷം ഉചിതമാണെന്ന് കാണുന്ന പക്ഷം ആർ.ഡി.ഒ നേരിട്ട് പരിശോധന നടത്തിയോ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടു കൂടിയോ ഡാറ്റാബാങ്കിലെ ഉള്ളടക്കങ്ങൾ പരിശോധിച്ച് അപേക്ഷയിൻമേൽ തീരുമാനമെടുക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഡാറ്റാ ബാങ്കുകളിലെ തെറ്റായ വിവരം മൂലം സങ്കടമനുഭവിക്കുന്ന വ്യക്തിക്ക് പുന: പരിശോധന അപേക്ഷ സമർപ്പിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കൊണ്ട് ഡാറ്റാ ബാങ്ക് പരിഷ്കരിച്ച് പ്രസിദ്ധീകരിക്കുന്നതിനുള്ള വ്യവസ്ഥ സർക്കാരിന്റെ 30.05.2017-ലെ സ.ഉ(പി) നമ്പർ 34/2017/റവ നമ്പർ വിജ്ഞാപനപ്രകാരം ഭേദഗതി ചെയ്യുകയും, ഇത്തരത്തിലുള്ള 2,01,364 വ്യക്തിഗത അപേക്ഷകൾ |

| | |
|---|---|
| | 27.11.2017 വരെ ബന്ധപ്പെട്ട പ്രാദേശിക നിരീക്ഷണ സമിതി കൺവീനറായ കൃഷി ഓഫീസർമാർ സ്വീകരിക്കുകയും, ഇപ്രകാരം ലഭ്യമായ അപേക്ഷകളിൽ ആവശ്യമായ സ്ഥല പരിശോധനയും ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ചുള്ള ശാസ്ത്രീയ പരിശോധനയും നടത്തുന്ന പ്രക്രിയകൾ അതത് പ്രാദേശിക സമിതികൾ സ്വീകരിക്കുകയും ചെയ്യുന്നു. |
| (സി) ദശാബ്ദങ്ങളായി വീടിരിക്കുന്നതും അഞ്ച് സെന്റിൽ കുറവുള്ളതുമായ സ്ഥലങ്ങൾപോലും ഡാറ്റാ ബാങ്കിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) റവന്യൂ രേഖകൾ പ്രകാരം നിലം തരത്തിൽപ്പെട്ടതും എന്നാൽ വർഷങ്ങൾക്ക് മുമ്പ് നികന്നതും മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിച്ച് വരുന്നതുമായ ഭൂമി ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപ്രകാരമുള്ള തെറ്റുകൾ തിരുത്തുന്നതിന് 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ഡി) ഇത്തരം ന്യായമായ പരാതികൾ അദാലത്തുകൾ നടത്തി സമയ ബന്ധിതമായി പരിഹരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (ഡി) ഇത്തരം പരാതികൾ റവന്യൂ ഡിവിഷണൽ ഓഫീസർതലത്തിലും വില്ലേജ് ഓഫീസർ തലത്തിലും കൃഷി ഓഫീസർ തലത്തിലുമായി തീർപ്പാക്കേണ്ടതാണ്. വിവിധ തലത്തിലുള്ള റിപ്പോർട്ടുകളും പരാതി പരിഹാരത്തിന് അനിവാര്യമാണ്. |

**സെക്ഷൻ ഓഫീസർ**